കേരള നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 ഏപ്രിൽ 3, ചൊവ്വ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 33

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1979 ഏപ്രിൽ 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പ്രൈവറ്റ് ബസ്സുകൾക്ക് ടൂറിസ്റ്റ് പെർമിറ്റുകൾ

* 715 [777] ശ്രീ. ജി.പി. മംഗലത്തുമഠം:
,, എൻ.ഐ. ദേവസ്സിക്കുട്ടി:
,, പി. ബാലൻ:
,, കെ. രാഘവൻ മാസ്റ്റർ:
,, സേവ്യർ അറയ്ക്കൽ:
,, വി. ഈച്ചരൻ:
,, എം.പി. ഗംഗാധരൻ:
,, ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബസ്സുകൾക്ക് ടൂറിസ്റ്റ് പെർമിറ്റുകൾ കൊടുക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടുത്ത വർഷം എത്ര ബസ്സുകൾക്ക് ടൂറിസ്റ്റ് പെർമിറ്റുകൾ നൽകുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) പ്രൈവറ്റു ബസ്സുകൾക്ക് ടൂറിസ്റ്റു പെർമിറ്റുകൾ (കോൺട്രാക്ടു കാര്യേജ് പെർമിറ്റുകൾ) നൽകുന്നില്ല. കെ.എസ്. ആർ.ടി.സി. കോൺട്രാക്ടു കാര്യേജുകൾ ദേശസാൽക്കരിക്കുന്നതിനുള്ള പ്രാരംഭ പദ്ധതികൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് ഇതിനു കാരണം. എന്നാൽ ടൂറിസ്റ്റു ബസ്സുകൾക്ക് ആൾ ഇൻഡ്യാ പെർമിറ്റുകൾ നൽകുവാനുള്ള ഒരു പദ്ധതി കേന്ദ്രഗവൺമെൻറ് അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം കേരളത്തിന് 50 പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ കേരള ഹൈക്കോടതി അതിൻമേൽ സ്റ്റേ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ട് ആർക്കുംതന്നെ പ്രസ്തുത പെർമിറ്റുകൾ നൽകിയിട്ടില്ല.

(ബി) സ്റ്റേ ഉത്തരവുകൾ നീങ്ങിക്കിട്ടുകയാണെങ്കിൽ 50 ബസ്സുകൾക്ക് പെർമിറ്റുകൾ കൊടുക്കാൻ സാധിക്കും.

ശ്രീ. ജി.പി. മംഗലത്തുമഠം: ഈ പ്രൈവറ്റു ബസ്സുകൾ അടുത്ത സംസ്ഥാനങ്ങളിലേക്കു ലഗ്ഷറി കോച്ചുകൾ നടത്തി ലാഭകരമായി ഓടുന്നുണ്ട്. അങ്ങനെ അന്യസംസ്ഥാനങ്ങളിലേക്കു പോകുന്നതുകൊണ്ട് ആളുകൾക്കു കൂടുതൽ സൗകര്യമുണ്ടാകും, ഗവൺമെൻറിനു കൂടുതൽ വരുമാനവുമുണ്ടാകും. അതുകൊണ്ട് അങ്ങനെയുള്ള പെർമിറ്റുകൾ കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗവൺമെൻറിൻെറ നിലവിലുള്ള പോളിസി അനുസരിച്ച് കൊടുക്കേണ്ട എന്നൊരു തീരുമാനം 1976-ൽ എടുത്തു. അതുകൊണ്ടാണ് ഇപ്പോൾ കൊടുക്കാത്തത്. ആൾ ഇൻഡ്യ പെർമിറ്റുകൊടുക്കുവാനുള്ള പദ്ധതി കേന്ദ്രഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ട്. അതിൻമേൽ കൊടുക്കാവുന്നതാണ്.

ശ്രീ. ജി.പി. മംഗലത്തുമഠം: 50 ബസ്സുകൾക്ക് അടുത്തകൊല്ലം പെർമിറ്റുകൾ കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. അതു കൊടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നു വിവരിക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രത്യേക മാനദണ്ഡമൊന്നുമില്ല. ബസ്സുകൾ നടത്തി പരിചയമുള്ള ഓപ്പറേറർമാർക്കാണു സാധാരണ കൊടുക്കാറുള്ളത്. ഇൻറർ സ്റ്റേറ്റ് എന്നുള്ളതുപോലെതന്നെ ആൾ ഇൻഡ്യാ പെർമിറ്റും കൊടുക്കാവുന്നതാണ്.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: 50 സ്വകാര്യ ബസ്സുകൾക്ക് ആൾ ഇൻഡ്യാ ടൂറിസ്റ്റു പെർമിറ്റു കൊടുക്കുവാനുള്ള അപേക്ഷകൾ ക്ഷണിച്ചത് ഹൈക്കോടതി സ്റ്റേ ചെയ്തുവെന്നു പറഞ്ഞു. എന്നാണു സ്റ്റേ ചെയ്തത്, ആ സ്റ്റേ വെക്കേറ്റു ചെയ്യാൻ ഗവൺമെൻറോ ബന്ധപ്പെട്ടവരോ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: 1978-ലെ 3363-ാം നമ്പർ ഒ.പി. പ്രകാരമാണ് സ്റ്റേ കൊടുത്തിരിക്കുന്നത്. സ്റ്റേ വെക്കേറ്റു ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: ഈ ടൂറിസ്റ്റുപെർമിറ്റുകൾ കൊടുക്കാത്തതുകൊണ്ട് മതസംഘടനകൾ, മതസ്ഥാപനങ്ങൾ ഇങ്ങനെയുള്ളവർക്കു സ്വന്തം ബസ്സുകളിൽ തീർത്ഥാടനത്തിനു പോകാൻ സാധിക്കാതെ വളരെ വിഷമങ്ങളുണ്ടാകുന്നുണ്ടെന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതു ശരിയാണ്. പക്ഷേ അങ്ങനെയുള്ള സമയത്തു സ്പെഷ്യൽ സർവ്വീസ് ഒന്നുരണ്ടു ട്രിപ്പുകൾ കൊടുക്കുന്നുണ്ട്.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: അങ്ങനെ ഓരോ പെർമിറ്റു കൊടുക്കുന്നതിനും ആർ.ടി.ഒ. ഓഫീസിൽ ചുരുങ്ങിയത് 150 രൂപ കൈക്കൂലിയായി വാങ്ങിക്കുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആരും ഇൻഡ്യാ പെർമിറ്റു കൊടുക്കാനുള്ള കാലതാമസംകൊണ്ടാണ് ഈ മതസംഘടനകൾക്കു തീർത്ഥയാത്രയ്ക്കുവേണ്ടി താൽക്കാലികമായി പെർമിറ്റു കൊടുക്കുന്നത്. അതിൽ അഴിമതിയുണ്ടോ എന്നറിയില്ല. ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. ബാലൻ: 50 ലക്ഷ്വറി കോച്ചുകൾക്കു പെർമിറ്റു കൊടുക്കാൻ പോകുന്നു എന്നു പറഞ്ഞു. ലക്ഷ്വറികോച്ചുകൾ നടത്തുന്നത് ലാഭകരമാണെങ്കിൽ എന്തുകൊണ്ട് കെ.എസ്.ആർ.ടി.സി.ക്കു നേരിട്ടു നടത്തിക്കൂടാ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കെ.എസ്.ആർ.ടി.സി.ക്കും അപേക്ഷിക്കാവുന്നതാണ്. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള എല്ലാ ഓപ്പറേറർമാർക്കും അപേക്ഷിക്കാവുന്നതാണ്, അവർക്കും കൊടുക്കാവുന്നതാണ്.

ശ്രീ. പി. ബാലൻ: കെ.എസ്.ആർ.ടി.സി.ക്കും അപേക്ഷിക്കാവുന്നതാണെന്നു പറഞ്ഞു. എന്നാൽ കെ.എസ്.ആർ.ടി.സി. എന്തുകൊണ്ടാണ് അപേക്ഷിക്കാത്തതെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു മറുപടി പറയാൻ കഴിയുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഒരു ശതമാനം കെ.എസ്.ആർ.ടി.സി.ക്കു മാറ്റിവച്ചിട്ടുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: 50 ബസ്സുകൾക്കു പെർമിറ്റു കൊടുക്കുന്നു എന്നു പറയുകയുണ്ടായി. 50 ബസ്സുകളിൽ കൂടുതൽ കൊടുക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആരും ഇൻഡ്യാ കോട്ടാ 50 എണ്ണമാണ് കേരളത്തിനു അനുവദിച്ചിട്ടുള്ളത്.

ശ്രീ. സേവ്യർ അറയ്ക്കൽ: എന്തു മാനദണ്ഡത്തിലാണ് 50 എണ്ണം അനുവദിച്ചതെന്നു വ്യക്തമാക്കാമോ? ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ അതു വ്യക്തമല്ല.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇത് ആരും ഇൻഡ്യാ പെർമിറ്റാണ്. ഓരോ സ്റ്റേറ്റിനും കോട്ടാ തരികയാണ്. കേരളത്തിനു 50 ആണ് അനുവദിച്ചിട്ടുള്ളത്. അതു കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡമനുസരിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സേവ്യർ അറയ്ക്കൽ: താൽക്കാലികമായ പെർമിറ്റ് തീർത്ഥാടനത്തിനുവേണ്ടി മതസംഘടനകൾക്കും മറ്റും കൊടുക്കുന്നുണ്ടെന്നു പറഞ്ഞു. ഈ സംസ്ഥാനത്തു അങ്ങനെ എത്ര വരുമാനം മൊത്തം ഉണ്ടായിട്ടുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതിനു പ്രത്യേകം നോട്ടീസ് വേണം. എത്ര ബസ്സുകൾക്ക് എത്ര പ്രാവശ്യം കൊടുത്തിട്ടുണ്ടെന്നു അന്വേഷിച്ചാൽ മാത്രമേ വരുമാനത്തെ സംബന്ധിച്ച് തിട്ടപ്പെടുത്താൻ കഴിയൂ.

ശ്രീ. വി. ഈച്ചരൻ: ഈ ആഴ്ച ഇൻഡ്യാ പെർമിറ്റിനുവേണ്ടി അപേക്ഷിക്കുന്ന ആളുകൾക്കു എത്ര ബസ്സുകൾ വേണമെന്നു വ്യവസ്ഥയുണ്ടോ; വ്യക്തികൾക്കും കൊടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പെർമിറ്റു വ്യക്തികൾക്കും വലിയ ഓപ്പറേറ്റർമാർക്കും കൊടുക്കുവാൻകഴിയും. ബസ്സുകൾ നടത്താൻ കഴിയുമോ എന്നുള്ള ഒരു ഓർഡിനറി ടെസ്റ്റുണ്ട്. ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരങ്ങൾ കിട്ടുന്നുണ്ടെങ്കിൽ അവർക്കും കൊടുക്കാം.

ശ്രീ. വി. ഈച്ചരൻ: പുതിയ ബസ്സുകൾക്കാണോ കാലപ്പഴക്കം ചെന്ന ബസ്സുകൾക്കാണോ പെർമിറ്റു കൊടുക്കുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഏറ്റവും പുതിയ മോഡൽ ബസ്സുകൾക്കാണ് പെർമിറ്റു കൊടുക്കുന്നത്.

ശ്രീ. ഇ. നാരായണൻ നായർ: ആഴ്ച ഇൻഡ്യാപെർമിറ്റു 50 എണ്ണത്തിനു കൊടുക്കുമെന്നു പറഞ്ഞു. ദക്ഷിണേൻഡ്യയിൽ മാത്രം 5 സംസ്ഥാനങ്ങളിലേക്കു മാത്രമായി പെർമിറ്റു കൊടുക്കുന്ന സമ്പ്രദായം ഇന്നുണ്ടോ; അതനുസരിച്ച് കെ. എസ്. ആർ .ടി. സി. ബസ്സുകൾ ഓടുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ടൂറിസ്റ്റു ബസ്സുകൾ ഓടുന്നില്ല. പ്രൈവറ്റു ബസ്സുകൾക്കു 1976നു മുൻപു പെർമിറ്റു കൊടുത്തിട്ടുണ്ട്.

ശ്രീ. സി.എ. കുര്യൻ: 50 സ്വകാര്യബസ്സുകൾക്കു ടൂറിസ്റ്റു പെർമിറ്റു കൊടുക്കാൻ ആലോചനയുള്ളതായി പറഞ്ഞു. അങ്ങനെ കൊടുക്കുമ്പോൾ ഉടൻകൊല്ലി ബസ്സുകൾക്കു കൊടുക്കാതിരിക്കുകയും പുതിയ ബസ്സുകൾക്കു കൊടുക്കുകയും ചെയ്യാൻ ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ടൂറിസ്റ്റു ബസ്സുകൾക്കു പ്രത്യേക ചില നിബന്ധനകളുണ്ട്. അങ്ങനെയുള്ള ബസ്സുകൾക്കാണ് ടൂറിസ്റ്റ് പെർമിറ്റുകൾ കൊടുക്കാറുള്ളത്.

ശ്രീ. എം.വി. രാഘവൻ: ടൂറിസ്റ്റു പെർമിറ്റു എന്നുപറഞ്ഞു കൊടുക്കുകയും സ്ഥിരമായ റൂട്ടുകളിൽ ഓടിക്കുകയും ചെയ്യാനുള്ള പദ്ധതിയാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ പരാതികളുണ്ടായിട്ടുണ്ട്. ഒന്നുരണ്ടു ബസ്സുകൾ പിടിച്ചെടുത്തു കേസ്സെടുത്തിട്ടുമുണ്ട്.

ശ്രീ. ടി.എ. പരമൻ: 50 ബസ്സുകൾക്കു അപേക്ഷ ക്ഷണിച്ചിട്ടുള്ളതിൽ കെ.എസ്.ആർ.ടി.സി.ക്കു ഒരു ശതമാനം റിസർവ്വു ചെയ്തിട്ടുള്ളതായി പറഞ്ഞു. അങ്ങനെയാണെങ്കിൽ കെ.എസ്.ആർ.ടി.സി.ക്കു എത്ര ബസ്സുകിട്ടുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ഞാൻ ഒരു ശതമാനമെന്നു പറഞ്ഞത് പെർസന്റേജ് അല്ല, ഒരു ഭാഗമെന്ന അർത്ഥത്തിലാണ്.

ശ്രീ. ഇ. അഹമ്മദ്: സഹകാര്യബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുമ്പോൾ കേരള-മഹാരാഷ്ട്ര ലൈൻ ഉൾപ്പെടുത്തിയിട്ടുണ്ടോ ഇന്നു കൊടുത്തിട്ടുള്ള പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ എന്നുപറഞ്ഞ് പെർമിറ്റു ഇല്ലാതെ ഓടുന്ന ബസ്സുകളിൽ ബോംബെയിൽനിന്നും കേരളത്തിലേക്കു വരുന്ന യാത്രക്കാർക്കു വളരെയധികം വിഷമതകൾ അനുഭവിക്കേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആദ്യം ഇൻഡ്യാ പെർമിറ്റു എല്ലാ സംസ്ഥാനത്തും ഓടിക്കുന്നതിനുവേണ്ടിയാണ്. പ്രത്യേക സംസ്ഥാനത്തുമാത്രം ലിമിറ്റു ചെയ്യാറില്ല. 10 കേരളത്തിൽ ഓടുന്ന പെർമിറ്റുകളും 6 ഇൻറർസ്റ്റേറ്റു പെർമിറ്റുമാണുള്ളത്. അതു 1976 നു മുൻപു കൊടുത്തിട്ടുള്ളതാണ്.

ശ്രീ. ഇ.പി. ഗോപാലൻ: ആരാണ് ആക്ഷേപക്കാരൻ, ആരുടെ ആക്ഷേപം അനുസരിച്ചാണ് ഹൈക്കോടതി സ്റ്റേ കൊടുത്തിട്ടുള്ളത്. ആ സ്റ്റേ വെക്കേറ്റു ചെയ്യാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഒരു ബസ് ഓപ്പറേറ്ററുടെ അപേക്ഷ പ്രകാരമാണ് സ്റ്റേ കൊടുത്തിട്ടുള്ളത്. അപേക്ഷ എസ്. ടി. എ. ക്ഷണിച്ചിരുന്നു. അതിനുമുൻപ് പ്രത്യേകമായ ഒരപേക്ഷ ഒരു ഓപ്പറേറ്റർ കൊടുത്തിരുന്നു. ആ പ്രത്യേകമായ അപേക്ഷയുടെ മേൽ തീരുമാനമെടുക്കണമെന്നും അല്ലാതെ ഈ അപേക്ഷകളുടെ മേൽ തീരുമാനം എടുക്കാൻ പാടില്ലെന്നും കണ്ണൂരിലെ ഒരു ഓപ്പറേറ്റർ പെറ്റിഷൻ കൊടുത്തിട്ടുള്ളതിന്റെ മേലാണ് സ്റ്റേ കൊടുത്തിട്ടുള്ളത്.

ശ്രീ. പി. കരുണാകരൻ: ടൂറിസ്റ്റ് ബോർഡ് വച്ച് കൃത്യമായി ഇൻറർസ്റ്റേറ്റു സർവ്വീസ് പ്രൈവറ്റു ബസ്സുകൾ നടത്തുന്നുണ്ട്. ഈ സഭയിൽതന്നെ അതു നിരവധിപ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. അതു ഗവൺമെൻറ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതു ഗവൺമെൻറു ശ്രദ്ധിച്ചിട്ടുണ്ട്, നടപടിയെടുത്തിട്ടുണ്ട്, കേസ്സെടുത്തിട്ടുണ്ട്, കേസ്സിന്റെ മേൽ ഹൈക്കോടതി സ്റ്റേ കൊടുത്തിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: ബോംബെയിൽ പെർമിറ്റില്ലാതെ ബസ്സുകൾ ഓടുന്നുണ്ട്. അങ്ങനെ ഓടാൻ എന്തെങ്കിലും മാനദണ്ഡമുണ്ടോ; എന്തെങ്കിലും കാര്യങ്ങൾ ബസ് ഉടമ ചെയ്യേണ്ടതുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതു സർക്കാരുമായുള്ള ഏർപ്പാടിൽ ഇല്ല. മറ്റു വല്ല ഏർപ്പാടുമുണ്ടോ എന്നന്വേഷിക്കാം.

ശ്രീ. എസ്. ത്യാഗരാജൻ: 50 ബസ്സുകൾക്കു പെർമിറ്റു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഇങ്ങനെ പെർമിറ്റു കൊടുക്കുമ്പോൾ ജില്ലാടിസ്ഥാനത്തിൽ നൽകുന്നതിനു ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഏതു ജില്ലയിൽനിന്നാണ് കൂടുതൽ അന്യസംസ്ഥാനങ്ങളിലേക്കു പോകുന്നതെന്നു കണക്കിലെടുത്തു കഴിയുന്നതും പ്രാധാന്യമുള്ള ജില്ലകൾക്കു കൂടുതൽ എന്ന സംവിധാനത്തിൽ കൊടുക്കാനാണ് ഗവൺമെൻറു ആഗ്രഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly